LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ചികിത്സാ സഹായം

78 (3587) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായം ലഭിക്കുന്നതിന് അപേക്ഷ നൽകിയിരുന്ന ശ്രീ വിജയൻ. എസ്., പോക്കാട്ട് വീട്, വള്ളിക്കുന്നം പി.ഒ., മാവേലിക്കര എന്ന വ്യക്തിക്ക് അപേക്ഷ നൽകി ഒരു വർഷത്തിലേറെ ആയിട്ടും ധനസഹായം അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കുമോ ;

(ബി) പ്രസ്തുത വ്യക്തിക്ക് അടിയന്തരമായി ചികിത്സാസഹായം അനുവദിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ചികിത്സാ ധനസഹായത്തിന് അപേക്ഷ നൽകിയ ഇന്ദിര, പോക്കാട്ട് വീട് വള്ളിക്കുന്നം പി.ഒ, മാവേലിക്കര, ആലപ്പുഴ എന്ന വ്യക്തിയുടെ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ-സി) 17-12-2015-ലെ സ.ഉ.(സാധ) നമ്പർ 6699/15/റവ പ്രകാരം ശ്രീമതി ഇന്ദിര, പോക്കാട്ട് വീട്, വള്ളിക്കുന്നം, ആലപ്പുഴ-യ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1,00,000 രൂപ (ഒരു ലക്ഷം രൂപ മാത്രം) ഭർത്താവിന്റെ ചികിത്സയ്ക്കായി അനുവദിച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച തുക

79 (3588) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച തുക എത്രയെന്നും, വിതരണം ചെയ്ത തുക എത്രയെന്നും, കുടിശ്ശിക എത്രയെന്നും ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ?

ഉത്തരം

ജില്ല	അനുവദിച്ച തുക	വിതരണം ചെയ്ത തുക	കുടിശ്ശിക
തിരുവനന്തപുരം	58,69,30,000	56,58,08,692	2,97,00,000
കൊല്ലം	39,59,20,600	35,30,01,600	4,29,19,000
പത്തനംതിട്ട	27,35,98,906	23,94,03,112	3,60,26,500 (JSP)
ആലപ്പുഴ	49,92,52,500	52,55,85,657 (മുൻ ബാക്കി ഉൾപ്പെടെ)	6,63,04,000
കോട്ടയം	39,99,83,756	39,86,83,756	9,43,79,000
ഇടുക്കി	35,79,57,800	35,40,96,730	2,24,80,538
എറണാകുളം	47,41,26,591	45,54,74,084	1,97,00,356
തൃശ്ശൂർ	36,98,42,500	35,23,16,500	1,75,26,000
പാലക്കാട്	27,23,02,300	25,51,57,487	1,71,44,813
മലപ്പുറം	51,16,10,000	48,55,18,013	2,60,91,978
കോഴിക്കോട്	29,93,67,249	28,40,41,249	1,53,26,000
വയനാട്	19,17,00,000	16,16,45,800	50,00,000
കണ്ണൂർ	35,50,19,243	35,39,34,243	10,85,000
കാസർഗോഡ്	33,62,44,860	30,98,52,860	2,63,92,000
TOTAL	5,32,38,56,305	5,09,45,19,783	42,00,75,185

LIBRARY ARCHIVES Kerala Legislative Assembly